**<u>വിദേശകാര്യ നയത്തിലും സുരക്ഷയിലുമുള്ള</u>**
**<u>മൂന്നാമത് ഇന്ത്യ - റിപ്പബ്ലിക് ഓഫ് കൊറിയ ചര്ച്ച</u>**

1. വിദേശകാര്യ നയത്തിലും സുരക്ഷയിലുമുള്ള (Foreign Policy and Security Dialogue (FPSD) മൂന്നാമത് ഇന്ത്യ - റിപ്പബ്ലിക് ഓഫ് കൊറിയ ((ROK) ചര്ച്ച സിയോളില് ഇന്ന് നടന്നു. സ്ഥാനപതി വിഷ്ണുപ്രകാശ് , വിദേശകാര്യമന്ത്രാലയത്തിലെയും , പ്രതിരോധം , വ്യോമയാനം എന്നീ വകുപ്പുകളിലെ ഉന്നത പ്രതിനിധികള് എന്നിവര് അടങ്ങിയ ഇന്ത്യയുടെ സംഘത്തിന് നേതൃത്വം നല്കിയത് വിദേശകാര്യ മന്ത്രാലയം സെക്രട്ടറി
ശ്രീ അശോക് കെ .കാന്ത ( കിഴക്ക്) ആയിരുന്നു. റിപ്പബ്ലിക് ഓഫ് കൊറിയയെ നയിച്ചത് വിദേശകാര്യ മന്ത്രാലയത്തിലെ ഒന്നാം ഉപ മന്ത്രി ശ്രീ കിം ക്യോ - ഹ്യൂന് (Mr. Kim Kyou-hyun) ആയിരുന്നു

2. സെക്രട്ടറി കാന്തയും അദേഹത്തിന്റെ നേതൃത്വത്തിലുള്ള ഇന്ത്യന് പ്രതിനിധിസംഘാംഗങ്ങളും വിദേശകാര്യ മന്ത്രി ശ്രീ യൂന് ബിയുങ്ഗ്സെ,
സ്ഥാനപതി ജൂ ഷൂള് -കി , പ്രസിഡണ്ടിന്റെ വിദേശകാര്യ ദേശീയ സുരക്ഷാ ഉന്നത സെക്രട്ടറി എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. വിദേശകാര്യ മന്ത്രി യൂന് , നവംബര് ആദ്യം ഇന്ത്യ സന്ദര്ശിക്കും . ഉഭയകക്ഷി സംയുക്ത കമ്മീഷന് ചര്ച്ചക്കും ഏഷ്യ യൂറോപ്പ് വിദേശകാര്യ മന്ത്രിമാരുടെ സമ്മേളനത്തിനും ( ASEM Foreign Ministers Meeting ) പങ്കെടുക്കുന്നതിന് വേണ്ടിയാണിത് .

3. തന്ത്രപ്രധാന പങ്കാളിത്തം കൂടുതല് വികസിപ്പിക്കുന്നതിനും വര്ദ്ധിപ്പിക്കുന്നതിനും ആവശ്യമായ കാര്യങ്ങള് ഇരു വിഭാഗവും ചര്ച്ച ചെയ്തു. സാമ്പത്തിക സഹകരണം , പ്രതിരോധം, സുരക്ഷാ പ്രവര്ത്തനങ്ങള് , സാംസ്ക്കാരിക വിനിമയം , ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് എന്നിവ ഉള്പ്പെടെ ഉഭയകക്ഷി ബന്ധങ്ങളിലെ എല്ലാ വശങ്ങളും അവര് വളരെ വിസ്തരിച്ചു അവലോകനം ചെയ്തു. ഈ സാഹചര്യത്തില് സ്പേസ്, ആണവ ശക്തി സഹകരണം , ഉഭയകക്ഷി വ്യാപക സാമ്പത്തിക പങ്കാളിത്ത കരാറിനെ ഉയര്ത്തല് , പ്രതിരോധ നിര്മ്മാണത്തിലുള്ള സഹകരണം എന്നിവയും അവര് ചര്ച്ച ചെയ്തു . സമുദ്രസംബന്ധം , സൈബര് സുരക്ഷ, എന്നീ മേഖലകളിലും സഹകരണം സ്ഥാപിക്കാമെന്ന് അവര് തീരുമാനിച്ചു. റിപ്പബ്ലിക് ഓഫ് കൊറിയ പ്രസിഡണ്ട് ആദരണീയയായ മാഡം പാര്ക്ക് ഗിയുന് - ഹൈ (. Madame Park Geun-hye) യുടെ വരാനിരിക്കുന്ന ഇന്ത്യാ സന്ദര്ശനം കൊണ്ട് ഉണ്ടാകുന്ന സാധ്യതകളെ കുറിച്ചും ഇരു വിഭാഗവും ചര്ച്ച ചെയ്തു.

4. പ്രാദേശിക , അന്താരാഷ്ട്ര വിഷയങ്ങളെ കുറിച്ചും പരസ്പരം താത്പര്യമുള്ള വിഷയങ്ങളെ കുറിച്ചും ചര്ച്ച ചെയ്യവേ കിഴക്കന് ഏഷ്യ പ്രാദേശിക വിഷയങ്ങളില് സഹകരണം
നടപ്പാക്കുവാന് ഇരുവിഭാഗവും തീരുമാനിച്ചു. കൊറിയ അര്ദ്ധദ്വീപിലെ സ്ഥിതി വിശേഷത്തെ കുറിച്ച് കൊറിയയുടെ വിഭാഗം ഒരു വിവരണം കൊടുത്തു. അഫ്ഗാനിസ്ഥാനില് അടുത്തയിടെ ഉണ്ടായ മാറ്റങ്ങളെ കുറിച്ച് ഇരുവിഭാഗവും അവരവരുടെ കാഴ്ചപ്പാടുകള് പങ്ക് വച്ചു.

5. വിദേശകാര്യ നയത്തിലും സുരക്ഷയിലുമുള്ള നാലാമത് ഇന്ത്യ - റിപ്പബ്ലിക് ഓഫ് കൊറിയ ചര്ച്ച അടുത്ത 2014 ല് ന്യൂ ഡെല്ഹിയില് വച്ച് ഇരുവിഭാഗത്തിനും സൌകര്യപ്രദമായ സമയത്ത് നടത്താമെന്നും തീരുമാനിച്ചു.

**ന്യൂ ഡെല്ഹി**
**സെപ്തംബര് 0 2, 2013**